"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം.237/ഡി സി.1/20/ തസ്വഭവ

തദ്ദേശ സ്വയം ഭരണ (ഡി.സി.) വകുപ്പ്
തിരുവനന്തപുരം,
തീയതി: 28/05/2020

**സർക്കുലർ**

വിഷയം:- വിഷയം: തദ്ദേശസ്വയംഭരണ വകുപ്പ് - ആരോഗ്യ ജാഗ്രത - പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ - കൊതുക് ജന്യ പകർച്ചവ്യാധികൾ ഉൾപ്പടെ തടയുന്നതിന്റെ ഭാഗമായുള്ള മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനായി ക്യാമ്പയിൻ അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത് - സംബന്ധിച്ച്.

സൂചന:-
1. 05/02/2020-ലെ സർക്കുലർ നം.46/ഡി.സി.1/2020/ത.സ്വ.ഭ.വ.
2. 01/05/2020--ലെ സർക്കുലർ നം.191/ഡി.സി.1/2020/ത.സ്വ.ഭ.വ.
3. മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ ഉൾപ്പടെ ചർച്ച ചെയ്യുന്നതിനായി 27.05.2020-ന് ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലെ തീരുമാനം.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജനകീയ പങ്കാളിത്തം കൂടി ഉറപ്പാക്കി 2020-ലെ ആരോഗ്യ ജാഗ്രതാ - പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ "ആരോഗ്യ സുരക്ഷയ്ക്ക് മാലിന്യ മുക്ത പരിസരം" എന്ന പേരിൽ ക്യാമ്പയിൻ ആയി നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സൂചന (1) & (2) പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. അതിൻപ്രകാരമുള്ള നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടന്നുവരികയാണ്.

മഴക്കാലത്തോടനുബന്ധിച്ച് കൊതുക് ജന്യ പകർച്ചവ്യാധികൾ ഉൾപ്പടെ പടർന്നുപിടിക്കുന്നത് തടയുന്നതിന്റെ ഭാഗമായി മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതപ്പെടുത്തുന്നതിനായി ക്യാമ്പയിൻ അടിസ്ഥാനത്തിലുള്ള ശുചീകരണ - കൊതുക് നിവാരണ പ്രവർത്തനങ്ങൾ 30.05.2020 & 31.05.2020, 06/06/2020 & 07/06/2020 എന്നീ തീയതികളിലായി നടപ്പിലാക്കുന്നതിന് സൂചന പ്രകാരം തീരുമാനിച്ചിട്ടുണ്ട്. മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും മേൽനോട്ടത്തിൽ താഴെ പറയുന്ന പ്രവർത്തനങ്ങൾ പ്രത്യേക ക്യാമ്പയിനായി സംഘടിപ്പിക്കേണ്ടതാണ്.

1. 30.05.2020, 06/06/2020 എന്നീ തീയതികളിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് വാർഡ് തലത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിലുള്ള സ്ഥാപനങ്ങൾ, പൊതു ഇടങ്ങൾ എന്നിവ വൃത്തിയാക്കേണ്ടതും കൊതുക് നിവാരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതുമാണ്.
2. 31.05.2020, 07/06/2020 എന്നീ തീയതികളിൽ എല്ലാവരും അവരവരുടെ വീടും പരിസരവും വൃത്തിയാക്കുന്നതിനും കൊതുകുകളുടെ ഉറവിടം കണ്ടെത്തി നശിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.
3. വാർഡ് തല ആരോഗ്യ ശുചിത്വ സമിതി പ്രത്യേക യോഗം ചേർന്ന് ക്യാമ്പയിൻ സംബന്ധിച്ച പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതാണ്.

4. ശുചീകരണ പ്രവർത്തനത്തിന്റെ ഭാഗമായി നടപ്പിലാക്കുന്ന പ്രത്യേക ക്യാമ്പയിനുമായി ബന്ധപ്പെട്ട സന്ദേശം പൊതുജനങ്ങളിൽ എത്തിക്കുന്നതിനാവശ്യമായ നടപടികൾ അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ടതാണ്.
5. വാർഡ് തല പ്രവർത്തനങ്ങൾക്ക് അതത് വാർഡ് മെമ്പർമാർ/കൗൺസിലർമാർ നേതൃത്വം നൽകേണ്ടതാണ്.

SARADA MURALEEDHARAN IAS
PRINCIPAL SECRETARY

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമവികസന കമ്മീഷണർ
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ നഗരസഭകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പൽ കോർപറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E/ G&SSA/E&RSA) കേരള, തിരുവനന്തപുരം
ഓഫീസ് കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signature Not Verified
Digitally signed by SMITHA B CHANDRA
Date: 2020.05.29 10:43:08 IST
Reason: Approved

സെക്ഷൻ ഓഫീസർ

പകർപ്പ്:-

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി എ യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ സി എ യ്ക്ക്.